# കിടങ്ങനാട് ബസ്തി
# സാംസ്കാരികസ്മൃതികളുടെ വിശകലനം

**മഞ്ജിമ സുരേഷ്**
ഗവേഷക, മലയാളഗവേഷണവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്

**സംഗ്രഹം**

സുൽത്താൻബത്തേരിയിലെ കിടങ്ങനാട് ബസ്തി[1] എന്ന സ്മാരകത്തെ സംബന്ധിച്ചുള്ള ചരിത്രപരമായ അടയാളപ്പെടുത്തലുകളെ എഴുതപ്പെട്ട രേഖകളിലൂടെയും; സമൂഹത്തിൽ നിലനിന്നു പോരുന്ന സാംസ്കാരികസ്മൃതിഭേദങ്ങളെയും ആചാരപരമായ മൂല്യവിശ്വാസങ്ങളെയും സംബന്ധിച്ച് ആവേദകരിൽ നിന്നു ലഭിക്കുന്ന വിവരങ്ങളിലൂടെയും മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ഈ പഠനം. ഒരു ഇടം തന്നെ വ്യത്യസ്തമായ സാംസ്കാരിക ഓർമകളുടെ കേന്ദ്രമായി നിലനിൽക്കുന്നതെങ്ങനെ എന്നും വിശകലനത്തിൽ അന്വേഷിക്കുന്നു.

**സൂത്രവാക്കുകൾ**

ഇടം, സംസ്കാരം, സാംസ്കാരികസ്മൃതി, ബഹുസ്വരസമൂഹം

**ആമുഖം**

ഇടം (space) എന്ന ആശയത്തിന് സംസ്കാരരൂപീകരണത്തിൽ സുപ്രധാനമായ പങ്കുണ്ട്. ഫ്രഞ്ച് ദാർശനികനായ ലഫേവർ (Lefebvre) ഇടവുമായി ബന്ധപ്പെട്ട മൂന്നു തലങ്ങളെ വിശദീകരിക്കുന്നത്, ഭൗതികതലം, മാനസികതലം, സാമൂഹികതലം എന്നിങ്ങനെയാണ്. ഇടം, കാലം എന്ന ദ്വന്ദ്വസൃഷ്ടിയിൽ ഇടത്തിന്റെ പ്രാധാന്യവും അർത്ഥതലങ്ങളും കൃത്യമായി വിശദീകരിക്കപ്പെടുകയുണ്ടായില്ല. പൊതുമണ്ഡലത്തിൽ ഇടത്തിന്റെ പ്രാധാന്യം സ്ഥാപിക്കാൻ പ്രയത്നിച്ചിട്ടുള്ളവരാണ് ഫൂക്കോയെ പോലുള്ളവർ. "കാലം ഡൈനമിക്കും ഡയലക്ടിക്കും ആശയസമൃദ്ധവുമാണ്; സ്പെയ്സ് നേരെമറിച്ച്, മൃതവും, ചലനരഹിതവും

നോൺ ഡയലക്ടിക്കും ആണെന്ന കാഴ്ചപ്പാടാണുണ്ടായിരുന്നത്. ഈ വീക്ഷണത്തെ അട്ടിമറിക്കുകയാണ് ഫൂക്കോ തന്റെ ഇടപെടലുകളിലൂടെ ചെയ്തത്" (യേശുദാസൻ, 2017: 141-2).

മൂന്നാം ഇടം എന്ന ആശയത്തെ മുൻനിർത്തിയാണ് എഡ്വേഡ് സോജ ഇടത്തെ മനസ്സിലാക്കുന്നത്. ഇടത്തെ സംബന്ധിച്ച എഡ്വേഡ് സോജയുടെ നിരീക്ഷണങ്ങളെ ടി.എം. യേശുദാസൻ ഇപ്രകാരം വിശദീകരിക്കുന്നു "സോജയുടെ അഭിപ്രായത്തിൽ സ്പെയ്സിന് മൂന്ന് തലങ്ങളുണ്ട്. ഒന്നാം ഇടം ഭൗതികതലമാണ്. മുകളിൽ നിന്നുള്ള വീക്ഷണം പ്രദാനം ചെയ്യുന്ന ഇതിനെ കോണ്ടക്സ്റ്റ് എന്നും വിളിക്കാം. രണ്ടാം ഇടം വ്യവഹാരങ്ങളുടെ തലമാണ്. ജീവിതാനുഭവങ്ങളുടെ തലമാണ് മൂന്നാം ഇടം". ജീവിതാനുഭവങ്ങളുടെ ഇടം ജൈവികമായ തലത്തെയാണ് സൂചിപ്പിക്കുന്നത്.

ഇടത്തിനെ സൈദ്ധാന്തികമായി വിശദീകരിക്കാൻ ശ്രമിക്കുന്ന ചിന്തകർ അതിന്റെ സാമൂഹികതലത്തിനു സവിശേഷ പ്രാധാന്യം നൽകുന്നതായി കാണാം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ സംസ്കാരത്തിനു (culture) റെയ്മണ്ട് വില്യംസ് നൽകിയതും കൂടുതൽ പ്രചാരം നേടുകയും ചെയ്ത നിർവചനം ഒരു ജനതയുടെയോ കാലഘട്ടത്തിന്റേയോ സവിശേഷ ജീവിതശൈലി എന്നതാണ്. ഇടവും സംസ്കാരവും തമ്മിലുള്ള അഭേദ്യമായ ബന്ധം വിശദീകരിക്കാൻ സാമൂഹികതലത്തിൽ ശ്രദ്ധയൂന്നിയുള്ള അന്വേഷണം സഹായിക്കുന്നു. അതുകൊണ്ടുതന്നെ സംസ്കാരപഠനം ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളുന്ന ഇടത്തിന്റെ സാമൂഹികതലത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. ഇടത്തിന് ആരോപിക്കപ്പെടുന്ന അർത്ഥങ്ങളാണ് സംസ്കാരത്തെ ഉത്പാദിപ്പിക്കുന്നത് എന്നു പറയാം. ഇടത്തിന് ഏകാർത്ഥമാണെങ്കിൽ സംസ്കാരം ഇല്ലാതാകും. ഇടത്തിന്റെ പരിവർത്തനത്തിലൂടെയാണ് സംസ്കാരം ഉല്പാദിപ്പിക്കപ്പെടുന്നത്.

ഇടം എന്നത് ഒരേസമയം ഭൗതികതലത്തിലും ബോധത്തിലും നിലനിൽക്കുന്നു. ബോധത്തിലെ ഇടം ഓർമയുടെ (memory) തുടർച്ചയാണ്. ഓർമ ചരിത്രപരമായ ഓർമയോ (രേഖകൾ) വ്യക്തികളുടെ ഓർമയോ, ഒരു വിഭാഗത്തിന്റെ ഓർമയോ ആയിരിക്കാം. ഇവയുടെ സമന്വയവുമാവാം. അതിനാൽ തന്നെ ഇടത്തെ

സംബന്ധിച്ച ഒരു വ്യക്തിയുടെ ഓർമ്മ ഒരാളുടെ വൈയക്തികാനുഭവം എന്ന നിലയ്ക്ക് മാത്രം പരിഗണിക്കാൻ കഴിയില്ല. ചുറ്റുപാടുകളുടെയും തലമുറകളുടെയും ഇടപെടലുകൾ ഓർമയുടെ രൂപീകരണത്തിൽ സ്വാധീനിക്കുന്നുണ്ട്. ഇത്തരം ഓർമയെ സാംസ്കാരികസ്മൃതി (cultural memory) എന്ന നിലയിൽ മനസ്സിലാക്കാം.[2]

ഒരേ സംഭവത്തെ സംബന്ധിച്ചുള്ള സ്വതന്ത്രവും വ്യക്തിപരവുമായ വ്യത്യസ്ത കാഴ്ചപ്പാടുകൾ നൽകുന്ന ഓർമകളും കഥകളും സാംസ്കാരികമായ ഓർമയുടെ ഭാഗമാണ്. ഇതു മുന്നോട്ടുവയ്ക്കുന്ന വസ്തുത ഭൂതകാലവുമായി ബന്ധപ്പെട്ടുള്ള ഓരോരുത്തരുടെയും ധാരണകൾ തമ്മിൽ നിരന്തരം സംഘർഷത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതാണ്. ഇപ്രകാരമാണ് ഹെല്ലർ സാംസ്കാരിക ഓർമയെ വിശദീകരിക്കുന്നത്. ഇത്തരത്തിൽ രൂപപ്പെടുന്ന സാംസ്കാരികമായ ഓർമകൾ പൂർണ്ണമായും ചരിത്രയാഥാർഥ്യങ്ങൾ ആകണമെന്നില്ല. മിത്തിക്കൽ ആയാണ് ഈ ഓർമകൾ നിലനിൽക്കുന്നത്. ഒരു സംഭവത്തിന് തന്നെ വ്യത്യസ്ത പരിപ്രേക്ഷ്യങ്ങളിലുള്ള ആഖ്യാനങ്ങളുണ്ടാകും. ഇത്തരം ആഖ്യാനങ്ങൾ ബഹുസ്വരതയായി (polyphony) മനസിലാക്കാം. ബഹുസ്വരസമൂഹം ഒരു പ്രത്യേക ഇടത്തെയോ അല്ലെങ്കിൽ സംഭവത്തെയോ കുറിച്ചുള്ള വ്യത്യസ്തങ്ങളായ കഥകളും ആഖ്യാനങ്ങളും നിലനിർത്തുന്നു. ഇന്ത്യ പോലൊരു രാജ്യത്ത് ഇത്തരത്തിലുള്ള ബഹുസ്വര ആശയങ്ങൾ നിലനിർത്തേണ്ടതും പ്രധാനമാണ്. ഈ മട്ടിൽ ഒരു സാംസ്കാരികശേഷിപ്പിനെ സംബന്ധിച്ച വൈവിധ്യങ്ങളായ ഓർമകളുടെ അന്വേഷണമാണ് ഈ പ്രബന്ധം കൊണ്ടു ഉദ്ദേശിക്കുന്നത്. ഒരു ഇടം തന്നെ ചരിത്രപരമായ ഇടമായും (historical space) മിത്തിക്കലായ ഇടമായും (mythical space) ആചാര വിശ്വാസങ്ങളുടെ ഇടമായും (ritualistic space) നിലനിൽക്കുന്നത് എപ്രകാരമാണെന്നും പഠനത്തിൽ വിശദീകരിക്കുന്നു.

### കിടങ്ങനാട് ബസ്തിയുടെ പശ്ചാത്തലം

നവീന ശിലായുഗത്തിന്റെ അവശേഷിപ്പുകളും മധ്യകാല സാംസ്കാരികാവശിഷ്ടങ്ങളും ഉൾപ്പടെ കാലാന്തരത്തിൽ പല കാരണങ്ങളാൽ ഉണ്ടായിട്ടുള്ള ബഹുവിധ സംസ്കാരങ്ങളുടെ സം

ഗമഭൂമികയാണ് പശ്ചിമഘട്ടത്തിന്റെ ഭാഗമായ വയനാട് ജില്ല. ആദ്യകാലം മുതൽക്കു തന്നെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ഈ ദേശത്തേക്ക് നിരവധി കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കുടിയേറിവന്ന ജനതകളിലൂടെയും അവരുടെ ജീവിതങ്ങളിലൂടെയും രൂപപ്പെട്ടതാണ് ദേശത്തിന്റെ വൈവിധ്യാത്മക സംസ്കാരം എന്നു പറയാം. വയനാട്ടിൽ സവിശേഷമായി സുൽത്താൻബത്തേരിയിൽ ഇത്തരം ബഹുസ്വര സംസ്കാരങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ കാണാം.

മഗധയിലെ ക്ഷാമത്തെത്തുടർന്ന് ചന്ദ്രഗുപ്തമൗര്യർ ഗുരുവായ ഭദ്രബാഹുവിനോടും അനുചരന്മാരോടുമൊപ്പം ദക്ഷിണേന്ത്യയിലെ കഴുകുമലയിൽ (ഇന്നത്തെ ശ്രുവണബെളഗൊള) എത്തുന്നതോടെയാണ് ദക്ഷിണേന്ത്യയിലെ ജൈനചരിത്രത്തിന്റെ ഒരു സുപ്രധാന ഘട്ടം ആരംഭിക്കുന്നത്. അദ്ദേഹവും അനുചരന്മാരും ഇവിടെയെത്തിയ ശേഷം ബ്രാഹ്മിയും പ്രാകൃതവും മനസ്സിലാകുന്നവർക്കിടയിൽ ജൈനധർമ്മം പ്രചരിപ്പിച്ചു. മൂവേന്തന്മാരെത്തുടർന്നും അവർക്കൊപ്പവും വയനാട് അടക്കമുള്ള ത്രിഭാഷാ മേഖലയിൽ ആധിപത്യം പുലർത്തിയ പല്ലവ, ശതവാഹന, ചാലൂക്യ, കദംബ, ഗംഗ, രാഷ്ട്രകൂട, ഹൊയ്സാല രാജാധിപത്യങ്ങളും ബാണർ, സേന്ദ്രകർ, സാന്ററാസ് തുടങ്ങിയ ഇടവാഴ്ചക്കാരും ജൈനമത സംരക്ഷകരോ പ്രചാരകരോ ആയിരുന്നു (ഗോപി, 2014: 193). മധ്യകാലഘട്ടത്തിൽ കർണാടകയിൽ നിന്നുണ്ടായിട്ടുള്ള ജൈന കുടിയേറ്റത്തിന്റെ ഫലമായി ഒരുകാലത്ത് ഈ ദേശത്തിൽ ജൈനമതത്തിന്റെ സ്വാധീനം ശക്തമായിരുന്നു എന്നു കരുതപ്പെടുന്നു. വയനാട്ടിലേക്കുള്ള ജൈനരുടെ കടന്നുവരവിനെ കുറിച്ച് രാഘവവാരിയർ രേഖപ്പെടുത്തുന്നതിപ്രകാരമാണ്. “കർണാടകത്തിലെ ശൈവന്മാരുടെ ദ്രോഹം സഹിക്കവയ്യാതെ നാടും വീടും വിട്ടോടിയ ജൈനർ പടിഞ്ഞാറോട്ട് ചെന്ന് കാർക്കള മുതലായ ദേശങ്ങളിൽ കുടിപാർത്തു. ആ ജൈനരുടെ പിൻഗാമികളാവാം കേരളത്തിൽ മുഖ്യമായും വയനാട്ടിൽ എത്തിയത്. വയനാട്ടിലെ ജൈനർ ഇന്നും പഴയ കർണാടക പാരമ്പര്യം കാത്തുപോരുന്നവരാണ്. വയനാട്ടിൽ പലേടത്തും കാണുന്ന ജൈനബസ്തികൾ ഇവരുടേതാണ്” (രാഘവവാരിയർ, 2012: 14). ബയൽനാഡു രാജാക്കന്മാരുടെ കാലത്തു തന്നെ ഈ ദേശങ്ങളി

ലേക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. വിഷ്ണുവർധനന്റെ (ഹൊയ്സാല) കാലത്ത് ഇതു കുറേക്കൂടി വർദ്ധിക്കുകയും ചെയ്തു. വിജയനഗര ഹൊയ്സാല രാജാക്കന്മാരുടെ കാലത്ത് ജൈന കർഷകരുടെ കുടിയേറ്റം വ്യാപകമായി ഉണ്ടായിരുന്നതായി ഡോ പി ഡി പത്മകുമാർ രേഖപ്പെടുത്തുന്നു. വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻബത്തേരി, വെണ്ണിയോട്, കൽപ്പറ്റ, പുത്തങ്ങാടി, പാലുകുന്ന്, വരദൂർ എന്നിവിടങ്ങളിലാണ് പ്രധാനമായും ജൈനബസ്തികൾ ഉണ്ടായിരുന്നത്. എങ്കിലും മധ്യകാലത്ത് ഇവരുടെ ഒരു സുപ്രധാന കേന്ദ്രം ഹന്നെരഡു ബീഥി എന്നറിയപ്പെട്ട സുൽത്താൻബത്തേരിയാണ്. 12 തെരുവുകൾ ഉള്ള വീഥി എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഹിന്ദുമതോജ്ജീവനത്തിന്റെ ഘട്ടത്തിൽ ജൈനർ വ്യാപകമായി വേട്ടയാടപ്പെടുകയും ജൈനബസ്തികൾ തകർക്കപ്പെടുകയും ചിലത് ഹിന്ദുക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെടുകയുമാണ് ഉണ്ടായത് എന്നും രേഖപ്പെടുത്തലുകൾ കാണാം. വരദൂർ ജലധാര ലിഖിതം പതിനേഴാം നൂറ്റാണ്ടിലും മറ്റും വയനാട്ടിൽ ജൈനമതം ശക്തമായിരുന്നു എന്നതിന് സൂചനകൾ നൽകുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ബത്തേരിയിൽ നിന്ന് ജൈനമതസ്ഥർ പിൻവാങ്ങിയിരിക്കാം എന്നാണ് കരുതുന്നത്. പിൽക്കാലത്ത് സുൽത്താൻബത്തേരിയിൽ നിന്നും ജൈനർ പിൻവാങ്ങിയെങ്കിലും മധ്യകാലത്തെ പ്രതാപത്തിന്റെ അവശിഷ്ടങ്ങൾ സുൽത്താൻബത്തേരിയിലും പരിസരപ്രദേശങ്ങളിലും ഇന്നും ശേഷിക്കുന്നു. അതിൽ സവിശേഷമായി എടുത്തുപറയാൻ സാധിക്കുന്ന ഒന്നാണ് കിടങ്ങനാട് ബസ്തി എന്ന സുൽത്താൻബത്തേരിയിലെ ജൈനക്ഷേത്രം. കേന്ദ്ര പുരാവസ്തുഗവേഷണവകുപ്പിന്റെ സംരക്ഷണത്തിൽ ഉള്ള ഈ ബസ്തി സുൽത്താൻബത്തേരിയിലെ ഏറ്റവും പഴക്കം ചെന്ന സാംസ്കാരികാവശിഷ്ടങ്ങളിൽ ഒന്നു കൂടിയാണ്.

**സ്മാരകത്തിന്റെ സവിശേഷതകൾ**

1921 ൽ കേന്ദ്രസർക്കാർ ദേശീയപ്രാധാന്യമുള്ള സ്മാരകമായി പ്രഖ്യാപിച്ച ഈ ബസ്തിയുടെ പ്രവേശനകവാടത്തിനു മുൻപിലായി സ്ഥാപിക്കപ്പെട്ട ബോർഡിൽ ഇപ്രകാരം രേഖപ്പെടുത്തി

യിരിക്കുന്നു. "സുൽത്താൻബത്തേരിക്ക് ഗണപതിവട്ടം എന്നുകൂടി ഒരു പേരുണ്ട്. ഈ സ്ഥലത്തെ ജൈനക്ഷേത്ര അവശിഷ്ടങ്ങൾ ഏതാണ്ട് ക്രിസ്തുവർഷം പതിനാലാം നൂറ്റാണ്ടിലേതാണ്. മുഴുവൻ കരിങ്കല്ലുള്ളതും മതിൽക്കെട്ടുള്ളതുമായ ഒരു ക്ഷേത്രത്തിന്റെ മാതൃകയാണിത്. ഗർഭഗൃഹം, അന്തരാളം, അടച്ചു കെട്ടിയ മഹാമണ്ഡപം, മുഖമണ്ഡപം, കേരള ശൈലിയിൽ വേറിട്ട ഒരു നമസ്കാരമണ്ഡപം എന്നിവ അടങ്ങിയതാണ് ക്ഷേത്രം. ശ്രീകോവിൽ ചതുരാകൃതിയാണ്. വിഗ്രഹം കാണപ്പെടുന്നില്ല. എന്നാൽ ഗർഭഗൃഹത്തിന്റെ ലലാട ബിംബത്തിലും അടച്ചുകെട്ടിയ മഹാമണ്ഡപത്തിലും ജൈനരുടെ ദേവപ്രതിമകൾ ഉണ്ട്. ഇവ ചതുരാകൃതിയിലുള്ള ചട്ടക്കൂടിനുള്ളിൽ പത്മാസനത്തിൽ ധ്യാനമുദ്രയോടെ വിരാജിക്കുന്നു. വാതിൽപ്പാളികൾ വ്യത്യസ്ത ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. വാതിൽപ്പാളികളുടെ അടിഭാഗത്ത് പുഷ്പതോരണം കാണാം. ശ്രീകോവിലിനു പുറത്ത് തൂണുകളോടു കൂടിയ പ്രദക്ഷിണപഥവുമുണ്ട്. അടച്ചു കെട്ടിയ മഹാമണ്ഡപത്തിൽ രണ്ടു വരികളിലായി നാലു തൂണുകളുണ്ട്. മഹാമണ്ഡപത്തിന് മുന്നിലാണ് മുഖമണ്ഡപം. അതിലും രണ്ടു വരികളിലായി ആറു തൂണുകളുണ്ട്. ചതുരാകൃതിയിലുള്ള തൂണുകളുടെ മധ്യഭാഗം 16 തലങ്ങളായി ചെത്തിയിരിക്കുന്നു. പുഷ്പാകൃതികളും സർപ്പബന്ധങ്ങളും ഹാരങ്ങളും വജ്രപ്രതീകങ്ങളും തീർത്ഥങ്കരാകൃതികളും ഹംസങ്ങളും കൊണ്ട് അലങ്കരിച്ചിരിക്കുന്നു". മുഖമണ്ഡപത്തിലേക്ക് കയറുന്ന പടികളുടെ കൈവരികളിൽ വ്യാളിരൂപങ്ങൾ കാണാം. സ്മാരകത്തിന്റെ ചില ഭാഗങ്ങൾ കവാടഗോപുരങ്ങളും മറ്റും തകർന്നുപോയ നിലയിലാണ്. ചതുഷ്കോണ സമ്പ്രദായത്തിൽ നിർമ്മിക്കപ്പെട്ട ബസ്തി വിജയനഗര ഹൊയ്സാല സാമ്രാജ്യങ്ങളുടെ ശിൽപ്പശൈലി പ്രകടമാക്കുന്നതാണെന്നും കാണാം. ബസ്തിയുടെ ഒരു ഭാഗത്തായി കാണപ്പെടുന്ന പഴക്കം ചെന്ന കിണറാണ് മറ്റൊരു പ്രത്യേകത. സ്മാരകത്തിലെ കിണർ പരിശോധിക്കുന്ന സന്ദർഭത്തിൽ ഏതാനും വിഗ്രഹ ശിലാശേഷിപ്പുകൾ ലഭിച്ചിട്ടുണ്ട്. "ഈസ്റ്റ് ഇന്ത്യ കമ്പനി ആധിപത്യം നേടിയതിനെ തുടർന്ന് ബത്തേരിയിൽ തിരിച്ചുവന്ന ഒരു ജൈനകുടുംബം അരനൂറ്റാണ്ട് മുൻപ് വരെ ഇവിടെ പൂജ നടത്തിയിരുന്നു. കിണറ്റിലെ വിഗ്രഹങ്ങൾ അവർ പൂജിച്ചിരുന്നതും ഉപേക്ഷിച്ചു പോകുമ്പോൾ

ജലാധിവാസം നടത്തിയതുമാണെന്ന് കരുതുന്നു" (ഗോപി, 2014: 199). കിണറിൽ നിന്നും ലഭിച്ച വിഗ്രഹങ്ങളുടെയും മറ്റും ശേഷിപ്പുകളും സ്മാരകത്തോടൊപ്പം സംരക്ഷിക്കപ്പെടുന്നു.

**ടിപ്പുവിന്റെ സാന്നിധ്യം**

സുൽത്താൻബത്തേരിയുടെ ചരിത്രത്തിന്റെ ചില ഘട്ടങ്ങളിൽ ഇവിടെ കർണാടക നവാബുമാരുടെ സാന്നിധ്യം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. സി.ഇ. 1760 കൾ വരെ ജൈനരും കർണാടക - മലയാള ഹിന്ദുക്കളും ഹൈന്ദവ സദൃശമായ ദ്രാവിഡിയൻ ആചാരരീതികൾ പിന്തുടർന്ന ആദിവാസികളും മാത്രം പാർത്തിരുന്ന വയനാട്ടിൽ ഹൈന്ദവേതരമായ ഒരു കയ്യേറ്റം നടക്കുന്നത് കർണാടക നവാബുമാരുടെ കാലത്താണ് (ഗോപി, 2014: 124). സുൽത്താൻ ബത്തേരിയുടെ പേരിനു പിന്നിലും ഇത്തരമൊരു കഥയാണ്. ഗണപതിവട്ടമായിരുന്ന ബത്തേരി ഒരു ഘട്ടത്തിൽ ടിപ്പുവിന്റെ ആയുധപ്പുരയായിരുന്നു. അങ്ങനെ സുൽത്താന്റെ ബാറ്ററി സുൽത്താൻബത്തേരി ആയി മാറി എന്നാണ് പ്രചാരത്തിൽ ഉള്ളത്. ഒ. കെ. ജോണിയുടെ വയനാട് രേഖകൾ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും മൂന്നു ഘട്ടങ്ങളിലാണ് ഹൈദറിന്റെയും ടിപ്പുവിന്റെയും സാന്നിധ്യം വയനാട്ടിൽ ഉണ്ടായിരുന്നതായി കരുതപ്പെടുന്നത്. സി.ഇ. 1766 മാർച്ച് മുതൽ സി.ഇ. 1784 വരെയുള്ള കാലഘട്ടം കോട്ടയം രാജാധിപത്യം ഹൈദരലി നേടിയെടുത്തത് മുതൽ രവിവർമ്മ പാട്ടത്തിനെടുക്കുന്നത് വരെ. പിന്നീട് 1786 ൽ വയനാടിന്റെ ഭരണം ടിപ്പുവിന് ലഭിക്കുന്ന സന്ദർഭം മുതൽ ശ്രീരംഗപട്ടണം സന്ധിയുടെ കാലം വരെ. തുടർന്ന് സന്ധിക്ക് ശേഷം ടിപ്പുവിന്റെ മരണം വരെയുള്ള ഏതാനും വർഷങ്ങൾ വരെയുമാണ് ഇത് എന്നു കുറുംപുറൈയിൽ മുണ്ടക്കയം ഗോപി രേഖപ്പെടുത്തുന്നു.

**നാട്ടോർമകളിലെ സുൽത്താൻ കോട്ട**

സുൽത്താൻബത്തേരിയിലെ മനുഷ്യരെ സംബന്ധിച്ചിടത്തോളം നാടുമായി ബന്ധപ്പെട്ടു നിൽക്കുന്ന അവരുടെ ഓർമകളും വിശ്വാസങ്ങളും ഈ ബസ്തിയെ ചുറ്റിപ്പറ്റിക്കൂടിയുള്ളതാണ്.

സർക്കാർ രേഖയിലെ ജൈൻ ടെമ്പിൾ വലിയൊരു വിഭാഗം ആളുകൾക്കും സുൽത്താൻ കോട്ടയാണ്. മൈസൂരിൽ നിന്നുള്ള ടിപ്പുവിന്റെ വരവിനും ബ്രിട്ടീഷുകാരുമായുള്ള പോരാട്ടത്തിനും ഇടയിലെ ഒരു നിർണായക ഇടമായാണ് ബഹുഭൂരിപക്ഷം പ്രദേശവാസികളും ഈ സ്മാരകത്തെ കാണുന്നത്. പ്രദേശവാസിയായ അബ്ദുൾ റഹ്മാൻ തന്റെ കേട്ടറിവിനെ ഓർത്തെടുക്കുന്നു.

“ബ്രിട്ടീഷുകാലത്ത് ടിപ്പുസുൽത്താന് ആയുധം സൂക്ഷിച്ചിരുന്ന സലേര്ന്ന്. മൈസൂര്ന്ന് വെര്മ്മോ ഇവ്ടെ ആയുധം സൂക്ഷിച്ചിട്ടാണ് പിന്നെ പാലക്കാട്ടേക്ക് പോയ്ത്.”

ഉപേക്ഷിക്കപ്പെട്ടു കിടന്ന ജൈനബസ്തി ടിപ്പു പിടിച്ചെടുക്കുകയും വെടിമരുന്നും ആയുധങ്ങളും സൂക്ഷിക്കാൻ ഉപയോഗിക്കുകയും ചെയ്തു. ഈ മട്ടിലാണ് സുൽത്താൻ ബത്തേരിയിൽ ടിപ്പുവിന്റെ സാന്നിധ്യം ഉണ്ടായിരുന്നതെന്ന് ആളുകൾ സ്മരിക്കുന്നു. ബേബി ഫ്രാൻസിസ് പറയുന്നു,

“രണ്ടു വഴി വരുന്നുണ്ട് ഗുണ്ടൽപേട്ട് വഴിയും ഊട്ടീന്നുള്ള വഴിയും വരുന്ന്ണ്ട്. അങ്ങനെ വന്ന് പിന്നെ ഗണപതിവട്ടം ന്നാണല്ലോ നമ്മൾടെ ബത്തേരീടെ പേര് അതു മാറിയതിനു കാരണം ജയിൻ ടെമ്പിൾ അറ്റാക്ക് ചെയ്ത് അത് ബാറ്ററിയാക്കി വച്ചു. അപ്പൊ അതിന് സുൽത്താൻ ബാറ്ററി വന്നു. അങ്ങനെയാണ് അതിന്റൊര് ഐതിഹ്യം പറയണത് കേട്ടിട്ട്ള്ളത്”.

ടിപ്പുവിന്റെ പടയോട്ടവും ജൈനബസ്തിയും തമ്മിലുള്ള ബന്ധം തലമുറ ഭേദമന്യേ വലിയൊരു വിഭാഗം ആളുകളുടെയും മനസ്സിൽ ഉറച്ചുപോയ കേട്ടോർമയാണ്. ടിപ്പുവിന്റെ കടന്നുവരവിൽ ഇവിടം പീരങ്കി മുതലായ യുദ്ധത്തിനുള്ള ആയുധങ്ങൾ സൂക്ഷിക്കാനുള്ള ഇടമാക്കിയെന്നും അതിനെ തുടർന്ന് ജൈനക്ഷേത്രം സുൽത്താൻകോട്ടയായി മാറുകയും സുൽത്താന്റെ ബാറ്ററി ആയ ഈ പ്രദേശം സുൽത്താൻബത്തേരി ആയെന്നുമാണ് കരുതപ്പെടുന്നത്. സുൽത്താൻബത്തേരിയെ കൂടാതെ പരിസരത്തുള്ള മറ്റു ചില പ്രദേശങ്ങൾക്ക് പേരു ലഭിച്ചതിനു പിന്നിലുള്ള കഥകളും ആവേദകർ പങ്കുവയ്ക്കുന്നുണ്ട്. സമീപത്തുള്ള നായ്ക്കട്ടി, കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾക്ക് പേരു ലഭിച്ചതിനു പിന്നിലും ടിപ്പുവിന്റെ വരവുമായി ബന്ധപ്പെട്ട കഥകളാണുള്ളത്. പോരാട്ടത്തിനു വേണ്ടി കൊണ്ടുവന്ന വേട്ടനായ്ക്കളെ കെട്ടിയ

ഇടം നായ്ക്കട്ടി ആയി. മൈസൂരിൽ നിന്നു വരുന്ന വഴി സൈന്യം തമ്പടിച്ച ഇടം കോട്ടക്കുന്നുമായി എന്ന് കരുതപ്പെടുന്നു. ശ്രദ്ധേയമായ മറ്റൊരു കാര്യം ടിപ്പു വരുന്നതിനു മുൻപുള്ള പശ്ചാത്തലത്തെ സംബന്ധിച്ച കാര്യങ്ങളോ കഥകളോ ഒന്നും ആളുകൾക്ക് പങ്കുവയ്ക്കാൻ ഉള്ളതായി കാണുന്നില്ല. പഴയ തലമുറയുടെ ഓർമകളിൽ പ്രത്യേകിച്ച് ടിപ്പുവിന്റെ വരവിനു ശേഷമുള്ള കഥകളാണുള്ളത്. നൂറ്റാണ്ടുകളുടെ പഴക്കവും മറ്റുമാവാം വിസ്മൃതിക്കു കാരണം.

**ഒരു തുരങ്കത്തിന്റെ കഥ**

കിടങ്ങനാട് ബസ്തിയെക്കുറിച്ച് പ്രചാരത്തിലുള്ള മറ്റൊരു കഥ തുറക്കാൻ സാധിക്കാത്ത ഒരു അറയും അതിൽ ഒരു തുരങ്കവും ഉണ്ടെന്നതാണ്. തുരങ്കത്തെക്കുറിച്ച് കേട്ട കഥ കുഞ്ഞൻ പങ്കുവയ്ക്കുന്നു,

“അയ്ന്റുള്ളില് ഒര് കുഗയിണ്ട്. അയ്ന്റെ ഉള്ളില് ഒര് കുഗയിണ്ടെന്നാ പറയ്ന്ന്. ആ കുഗേന്റാത്ത് ആര്ക്കും അങ്ങനെ എറങ്ങിപ്പോകാൻ കയ്യൂല. അത് അവ്ടെ എറങ്ങി കയ്ഞ്ഞുറ്റ്ണ്ട്ങ്കില് അതു മൈസൂര് സുൽത്താൻ കോട്ടേല് എത്തുംന്നാണ്”.

കുഞ്ഞൻ പങ്കുവെച്ച കഥയുടെ തുടർച്ചയാണ് ആലിക്കും പറയാനുള്ളത്,

“കോട്ടയിലെ തൊരങ്കം അവര് പോയ വയ്യാണ്. ടിപ്പുസുൽത്താന് പോയ വയ്യാണ്. അതിലാണ് വല്യ കല്ലോണ്ട്ന്നെ സ്ലാബ് ഇട്ടിട്ട്. പോയ് നേരെ മൈസൂര്ക്ക് എത്തിയത്. ഒറ്റക്കല്ലാണത്. എന്നിട്ട് അവ്ടെ ഒര് ടിപ്പൂന്റെ ഒര് പ്രതിമ ണ്ടേര്ന്നു. ആ തലേക്കെട്ടും ആ ബാളും ഇട്ത്തിറ്റ്ള്ള ഒര് കെട്ടേര്ന്നത്”.

ബസ്തിയിലെ തുറക്കാത്ത അറയും അതിൽ നിന്നും പല ദേശത്തേക്കും പോകാനുള്ള തുരങ്കവും തലമുറകൾ കൈമാറി വരുന്ന കഥകളിലൊന്നാണ്. തുരങ്കത്തിലൂടെയുള്ള വഴി മൈസൂരിലേക്കുള്ളതാണെന്നും അതല്ല പല ദേശങ്ങളിലേക്കുമാണെന്നും പറയപ്പെടുന്നു. ബസ്തിയുടെ മുൻഭാഗത്തെ തൂണുകളിലൊന്നിൽ കാണപ്പെടുന്ന സർപ്പത്തിന്റെ ആകൃതിയിലുള്ള ചിത്രമാണ് തുരങ്കത്തിലേക്കുള്ള താക്കോൽ എന്നുമൊരു കഥയുണ്ട്. സർപ്പരൂപത്തിന്റെ ശിരസ്സിൽ തുടങ്ങി വാലിന്റെ അഗ്രഭാഗം വരെ കണ്ടെ

ത്തിയാൽ തുരങ്കത്തിലേക്കുള്ള താക്കോൽ കണ്ടെത്താനാകും തുരങ്കം തുറക്കപ്പെടും എന്നാണ് മറ്റൊരു കഥ.

**കോട്ടയിലെ കിണർ**

ഇവിടെ ആദ്യ കാലം മുതൽക്കേ ഉള്ള ഒരു കിണറിനെ ചുറ്റിപ്പറ്റിയാണ് മറ്റുചില കഥകൾ പ്രചാരത്തിലുള്ളത്. കോട്ടയിലെ കിണറിൽ ഇറങ്ങിയ അനുഭവം വിവരിക്കുകയാണ് പ്രദേശവാസിയായ ആലി,

“കോട്ടന്റെ കെൺറ്റില് പണ്ടൊരാള് ബീണ് മരിച്ച്റ്റ്ണ്ട്. ഞാൻ ബോഡിട്ക്കാൻ എറങ്ങി മോള്ളെക്കൊരൊറ്റ നോട്ടം നോക്കീട്ടുള്ളു. അയ്ന്റെ കല്ല് ബ്ട്ട് ബ്ട്ട് ആണ് നിക്ക്ന്നെ. അടീന്ന് നോക്കുമ്പോ ആ കല്ല് ഇപ്പോ ഞമ്മളെ മേലേക്ക് ബീഴുന്ന് പോല്യാ. അത് അനങ്ങൂല. എറങ്ങിക്കയ്ഞ്ഞാ ഈ ജന്മത്ത് മോള്ള് കേറാൻ പറ്റൂല, ബലിച്ചേറ്റണം പെട്ടന്ന്. അങ്ങൻത്തൊര് കെൺറാത്”

മരിച്ചുപോയവരുടെ ശരീരം എടുക്കുവാൻ പോലീസിന്റെ കൂടെ പോകാറുള്ള ആലിക്ക് ഇവിടുത്തെ കിണറിൽ ഇറങ്ങിയ അനുഭവം മറക്കാൻ സാധിക്കാത്തതാണ്. താഴേക്ക് പോകുന്തോറും വിസ്താരം കുറഞ്ഞു വരുന്നതു പോലെയാണ് കിണറിൽ ഇറങ്ങിയ ആൾക്ക് അനുഭവപ്പെടുന്നത്. പ്രദേശവാസികളുടെ ഓർമ്മയിൽ സ്ലാബും ഗ്രില്ലും ഇട്ട് സംരക്ഷിക്കുന്നതിന് മുൻപുള്ള കിണറിന്റെ ചിത്രം ഒട്ടൊക്കെ ഭയം സൃഷ്ടിക്കുന്നതാണ്. പാമ്പും തവളയും ധാരാളമുള്ള കിണറിന്റെ പരിസരത്തുകൂടി പോകാൻ ആദ്യകാലത്ത് ആളുകൾ ഭയപ്പെട്ടിരുന്നു. പ്രത്യേകിച്ചും സ്മാരകം നവീകരിച്ച് സംരക്ഷിക്കുന്നതിനു മുൻപ്. കാട്ടുമൂടി ശോചനീയമായ അവസ്ഥയിൽ ആയിരുന്നു അതിന്റെ നിൽപ്പ്. കിണറിനെ കുറിച്ച് അബ്ദുൾ റഹ്മാൻ കേട്ടിട്ടുള്ള കഥ ഇങ്ങനെയാണ്,

“അവ്ടെ ഒര് കെൺറ്ണ്ട് അയ്ന്റെ അടീലാണ് പട്ടാളം വരുമ്പോ ഒളിയ്ക്കല്ന്നൊക്കെ പറഞ്ഞ്. വെള്ളൊന്നുല്ലാത്ത കെൺറ്ണ്ട്”.

ബസ്തിയുടെ കിണറുമായി ബന്ധപ്പെട്ട കഥകളിലെ ഏറ്റവും പ്രചാരത്തിലുള്ളത് കിണറിൽ നിന്നും മൈസൂരിലെ ശ്രീരംഗപട്ടണത്തേക്ക് രഹസ്യ തുരങ്കം ഉണ്ടെന്നുള്ളതാണ്. ടിപ്പുവിന്റെ പട

യോട്ടകാലത്തു നിർമ്മിച്ചതാണ് ഈ തുരങ്കം എന്നും സൈന്യം വരുമ്പോൾ ഒളിച്ചിരിക്കുന്നത് അതിനുള്ളിൽ ആണെന്നുമാണ് കഥ. തലമുറ വ്യത്യാസമില്ലാതെ പ്രചാരത്തിലുള്ള കഥയാണ് കിണറിൽ നിന്നും മൈസൂരിലേക്കുള്ള തുരങ്കത്തിന്റേത്. പുതുതല മുറയുടെ പ്രതിനിധിയായ വിഷ്ണു പറയുന്നത് ഇപ്രകാരമാണ്,

"സുൽത്താൻബത്തേരീലെ കോട്ടേന്ന് മൈസൂരേക്ക് ഒരു വേ ഉണ്ടെന്നു കേട്ടിട്ടുണ്ട്. ടിപ്പുസുൽത്താന്റെ ബാറ്ററി സ്റ്റോർ ചെയ്യുന്നൊരു സ്ഥലായോണ്ട് യുദ്ധകാലങ്ങളിൽ ഒക്കെ ടിപ്പുസുൽത്താന് മൈസൂരിലേക്കുള്ള അണ്ടർഗ്രൗണ്ട് ഒരു പാതയിണ്ടെന്ന് കേട്ടിട്ട്ണ്ട്".

മൂന്ന് നാല് തലമുറ മുൻപുള്ള ആളുകളിൽ നിന്ന് കേട്ടിട്ടുള്ളതായി പങ്കുവയ്ക്കുന്ന മറ്റൊരോർമ്മ ഒരു ആദിവാസി യുവാവും രണ്ട് കന്നുകാലികളും അബദ്ധത്തിൽ കിണറിൽ വീണു പോയി എന്നും, പിന്തുടർന്ന് എത്തിയവർക്ക് രക്ഷിക്കാൻ സാധിച്ചില്ല എന്നതുമാണ്.

ആലി പറയുന്നു,

"അയ്ന്റെ സൈഡ്ല് ഒര് കെൺറ്ണ്ട്. കോട്ടന്റെ ഫ്രണ്ട്ല് ആയിട്ട്. പോത്തിനെ മേഞ്ഞടന്നൊരു അന്നത്തെ പണിയന്ണ്ട്. ആ പണിയൻ പോത്തിനെ തെൾച്ചങ്ങനെ പോന്ന സമയത്ത് അവ്ടെ ചുറ്റും കാടേരുന്ന്. ആ കാട്ട്ന്റുള്ളുക്കുടി പെട്ട്ട്ട് ആദ്യം പോത്ത്വള് വീണ് പോയി രണ്ടും. അയ്ന്റെ പൊറകെ നോക്കാമാണ്ടി ഇവൻ ചെന്നപ്പാള് ഇവനും പോയ്. ആൾക്കാര് പോയ് നോക്കീട്ട് പിന്നെ കിട്ടീട്ല".

ആ കിണർ പിന്നീട് മൂടിപ്പോയെന്നും ആദ്യകാലത്ത് അവിടെ രണ്ട് കിണർ ഉണ്ടായിരുന്നെന്നും അതല്ല ഒരു കിണർ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും പഴയ ആളുകൾക്കിടയിൽ തന്നെ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

മറ്റൊരോർമയിൽ അബ്ദുൾ റഹ്മാൻ കൂട്ടിച്ചേർക്കുന്നു,

"ചെലരിങ്ങനെ പറേന്ന കേക്കാ ചോര തെളക്കും ആ കെണറന്ന്. ചെല സമയത്ത് നമ്മള് നോക്കുമ്പോ ചോപ്പാരിക്കും. അല്ലേൽ ഒര് നീലകളറ് വെള്ളാരിക്കും".

ആദിവാസി യുവാവും കന്നുകാലികളും കിണറിൽ വീണു എന്നതും രക്തനിറത്തിൽ കിണറിലെ ജലം തിളച്ച് പൊന്താറു

ണ്ടെന്നുമെല്ലാമുള്ള കഥ പഴയ തലമുറയിലെ ചില ആളുകൾക്കിടയിലാണ് പരിചിതമായിട്ടുള്ളത്. പഴയ തലമുറയെ അപേക്ഷിച്ച് പുതുതലമുറയിലേക്ക് വരുമ്പോൾ ഈ കഥകൾ അത്രകണ്ട് പരിചിതമല്ല. ഭാവന കലർത്തിയും അപരിചിതമായ നിഗൂഢപ്രതീതി സൃഷ്ടിച്ചുമാണ് പല കഥകളും കൈമാറ്റം ചെയ്യപ്പെട്ട് പ്രചാരത്തിൽ വന്നിട്ടുള്ളത്. ഒരു കഥയ്ക്ക് തന്നെ പല വകഭേദങ്ങളും കാണാൻ സാധിക്കും (തുരങ്കത്തിന്റെയും മറ്റും കഥ). ആധുനികയുക്തിക്ക് സ്വീകാര്യമല്ലാത്ത ചില കഥകൾക്ക് പഴയ പ്രചാരം ലഭിക്കുന്നില്ല. രേഖപ്പെടുത്തപ്പെട്ട ചരിത്രത്തോടാണ് പുതിയ തലമുറ താരതമ്യേന കൂടുതൽ ആഭിമുഖ്യം പുലർത്തുന്നത് എന്നു തോന്നുന്നു. ചില ഓർമകളും കഥകളും ഇല്ലാതായിത്തുടങ്ങുന്നത് അല്ലെങ്കിൽ പഴയ തലമുറയിൽ മാത്രമായി അവശേഷിക്കുന്നത് ഇതാണ് സൂചിപ്പിക്കുന്നത്. പഴയ തലമുറയോളം ഈ സ്മാരകം പുതിയ തലമുറയുടെ ജീവിതാനുഭവങ്ങളിൽ ഭാഗമാകുന്നില്ല എന്നതും ഒരു കാരണമാവാം. എങ്കിലും സുൽത്താൻകോട്ടഎന്ന നിലയിലുള്ള സ്മാരകത്തിന്റെ അടയാളപ്പെടുത്തൽ നിലനിൽക്കുന്നുണ്ട് എന്നത് തന്നെയാണ് വസ്തുത.

**അനുഭവവും സ്മരണയും**

സ്മാരകം ഒഴിഞ്ഞു കിടന്നിരുന്ന കാലത്തെ ചില ഓർമകളും പ്രദേശവാസികൾ ഓർത്തെടുക്കുന്നുണ്ട്. കുഞ്ഞന്റെ സ്മരണയിൽ,

“സുൽത്താൻ കോട്ടാന്ന് പറഞ്ഞാല് പണ്ട് ഞങ്ങള് ഒക്കെ ചെറുപ്പകാലത്ത് അവ്ടെ ഞങ്ങള് കാലീനെ മേക്കലും കളിക്കേം പിടിക്കേം ഒക്കെ ചെയ്തിരുന്നൊരു കോട്ടയാണത് “

ഒരു സന്ദർശന ഇടം എന്നതിനപ്പുറത്തേക്ക് ഈ മനുഷ്യരുടെ നിത്യ ജീവിതത്തിന്റെ ഭാഗം കൂടിയായിരുന്നു ഈ ഇടം എന്ന് അവർ പങ്കുവയ്ക്കുന്ന ഓർമകളിൽ നിന്ന് മനസ്സിലാക്കാം.

കുള്ളി ഓർത്തെടുക്കുന്നു,

“വെറകിനൊക്കെ പോവും എല്ലാരും. അന്നൊന്നും ഗേറ്റ്ല്ല. തോട്ടത്ത്ക്കൂടി (വഴി) ഇണ്ടാരുന്ന് ഇപ്പോ ല്ല”.

നവീകരണ പ്രവർത്തനങ്ങൾ നടന്ന് ഗേറ്റും മറ്റും സ്ഥാപിക്കുന്നതിനു മുൻപ് കാട് കയറി കിടന്നിരുന്ന ഈ സ്മാരകത്തിന്റെ പരിസരത്ത് പ്രദേശവാസികൾ ധാരാളമായി പോയിരുന്നു. ഫല

വൃക്ഷങ്ങൾ നിറഞ്ഞ ഇവിടം കാലിമേയ്ക്കാനും വിനോദങ്ങളിൽ ഏർപ്പെടാനമെല്ലാമുള്ള ഒരിടം എന്ന നിലയിലാണ് നിലനിന്നിരുന്നത് എന്ന് ആളുകളുടെ കഥകളിൽ നിന്ന് മനസ്സിലാക്കാം. ഇടക്കാലത്തെ നവീകരണം പ്രദേശത്തിനും സ്മാരകത്തിനും ഏറെ മാറ്റങ്ങൾ വരുത്തി. ഗേറ്റ് സ്ഥാപിക്കപ്പെട്ടു. സന്ദർശകർക്ക് വിവരങ്ങൾ നൽകാൻ സ്റ്റാഫുമുണ്ട്. ദൈനംദിനം നിരവധി ആളുകളാണ് ഇവിടേക്ക് വന്നുകൊണ്ടിരിക്കുന്നത്. കുട്ടികളും മുതിർന്നവരുമെല്ലാം ധാരാളമായി വരുന്നു. കേട്ട കഥകളിലെ കൗതുകം ആണ് പുതിയ തലമുറയ്ക്ക് എങ്കിൽ കൈമാറി വന്ന കഥകളോടൊപ്പം ഒരു കാലത്തിന്റെ ഓർമകൾ അയവിറക്കുക കൂടിയാണ് മുതിർന്ന തലമുറ. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്മാരകം ആയതുകൊണ്ടുതന്നെ പരിസരപ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ട്. നാടിന്റെ പ്രത്യേകിച്ച് മുതിർന്ന തലമുറയുടെ ഓർമയിൽ ഈ ഇടത്തിന് പ്രത്യേക സ്ഥാനമുണ്ട്. പ്രദേശത്തെ മനുഷ്യർക്ക് ഈ സ്മാരകം കാലാകാലങ്ങളായി കേട്ടുകൊണ്ടിരിക്കുന്ന കഥകളുടെ കേന്ദ്രം മാത്രമല്ല. അവരുടെ ജീവിതത്തിന്റെ ഒരു സുപ്രധാന കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന ഒരിടം കൂടിയാണ്. കഥകളിലൂടെ അനുഭവങ്ങളിലൂടെ സുൽത്താൻകോട്ട ഈ ജനങ്ങളുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ്.

**കഥയും പൊരുളും**

ആളുകൾ പങ്കുവയ്ക്കുന്ന കഥകൾ വിശകലനം ചെയ്യുമ്പോൾ പ്രസ്തുത കഥ രൂപപ്പെടുന്ന പശ്ചാത്തലത്തിന്റെയും സാമൂഹികാവസ്ഥയുടെയും ചിത്രം കൂടി ലഭിക്കുന്നു. ബസ്തിയെ ചുറ്റിപ്പറ്റി പ്രചരിക്കുന്ന കഥകളിൽ ഭയം ഒരു ഘടകമായി കടന്നുവരുന്നത് കാണാം. തങ്ങളുടെ നിയന്ത്രണങ്ങൾക്ക് അതീതമായ ശക്തിയുടെ സാന്നിധ്യമുണ്ടെന്ന വിശ്വാസം സൃഷ്ടിക്കുന്ന ഭയം സ്വാർത്ഥതാൽപര്യങ്ങളിൽ നിന്നും കൈവശപ്പെടുത്തലിൽ നിന്നും ആളുകളെ പിന്തിരിപ്പിച്ചിരിക്കണം. ജൈനബസ്തിയോടൊപ്പം തന്നെ സമീപത്തെ മാരിയമ്മൻ കോവിൽ കൂടി പിടിച്ചെടുക്കാൻ മൈസൂരിൽ നിന്നുള്ള സൈന്യത്തിന് ഉദ്ദേശ്യമുണ്ടായിരുന്നെന്നും ദേവീകോപത്താൽ അതിനു സാധിച്ചില്ലെന്നുമുള്ള മട്ടിലു

ള്ള കഥ ഈ ബോധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതാവാം. കഥകളിൽ ഏറ്റവും പ്രചാരത്തിലുള്ള ചിലത് ടിപ്പുവിന്റെ പടയോട്ട കാലത്ത് കോട്ട പിടിച്ചെടുത്തത് സംബന്ധിച്ചാണ്. പിടിച്ചെടുക്കൽ, ആധിപത്യമുറപ്പിക്കൽ മുതലായ കഥകളുടെ വേരുകൾ കൊളോണിയൽ യുക്തിബോധം സൃഷ്ടിക്കുന്ന ആശയങ്ങളിൽ അധിഷ്ഠിതമായാണ നിലകൊള്ളുന്നതെന്നു കരുതുന്നതിൽ സാംഗത്യമുണ്ട്. ആക്രമണ സ്മരണകളുടെ നിർമ്മിതി ഇതു സൂചിപ്പിക്കുന്നു. “പ്രാദേശികമായുണ്ടാകുന്ന ഓരോ സംഭവത്തിലും തുടർന്നുള്ള ചരിത്രത്തിലും ചെറുപ്രാദേശിക വിഭാഗങ്ങൾക്ക് സാധാരണയായി പങ്കാളിത്തമുണ്ടായിരുന്നു. സംഭവത്തെയും അതിന്റെ പരിണാമത്തെയും പൊതിഞ്ഞെത്തിയേക്കാവുന്ന സ്മരണ, പിൽക്കാലങ്ങളിൽ വരേണ്യ വിഭാഗങ്ങൾക്ക് അവരുടെ വർത്തമാനകാല താൽപര്യങ്ങളെ നീതീകരിക്കാൻ ഭൂതകാലത്തെ ഉപയോഗപ്പെടുത്തുക എന്ന അഭിവാഞ്ഛയോടെ ലക്ഷ്യമിട്ടുള്ളതാണ്” (ഥാപ്പർ, 2009: 204). ചരിത്രപരമായ തെളിവുകളുടെ അഭാവത്തിലും ഈ മട്ടിലുള്ള കഥകളുടെ പിറവിയുടെയും പടർച്ചയുടെയും പിന്നിൽ പ്രവർത്തിക്കുന്നത് അപരവിദ്വേഷത്തിന്റെയും മുൻവിധികളുടെയും ഘടകങ്ങൾ ആവാം. പുതിയ തലമുറയിലേക്ക് വരുമ്പോൾ കഥകളോടുള്ള സമീപനം മാറി വരുന്നതു കാണാം. മുതിർന്ന തലമുറ പങ്കുവയ്ക്കുന്ന പല കഥകളും പുതുതലമുറയ്ക്ക് പരിചിതമല്ല. എങ്കിലും ടിപ്പുവിനെയും തുരങ്കത്തെയുമെല്ലാം സംബന്ധിച്ച കഥകൾ ഇന്നും കൈമാറ്റം ചെയ്യപ്പെടുന്നു. പുരാതനമായ ജൈനക്ഷേത്രം എന്ന നിലയിൽ ഈ ഇടം സന്ദർശിക്കുവാൻ നിരവധി ആളുകളാണ് വന്നു പോകുന്നത്. സുൽത്താൻകോട്ട സംബന്ധിച്ച പല ഓർമകളും പുതിയ തലമുറയിലേക്ക് എത്തുമ്പോൾ മങ്ങിത്തുടങ്ങുന്നുണ്ട്. കഥകളുടെ വൈവിധ്യം സൂചിപ്പിക്കുന്നത് പങ്കുവയ്ക്കപ്പെടുന്ന സാംസ്കാരികമായ ഓർമകൾ എത്രമാത്രം ബഹുസ്വരമായൊരു സമൂഹത്തിന്റേതാണെന്ന് കൂടിയാണ്. ടിപ്പുവിന്റെയും അപ്രത്യക്ഷമായ ആദിവാസി ജീവിതത്തിന്റെയും രക്ത നിറത്തിൽ ജലമുള്ള കിണറിന്റെയും കഥകളെല്ലാം ഇതിനുദാഹരണങ്ങളാണ്. ഏകസ്വഭാവത്തിലുള്ള ഒരു ഓർമയോ ചരിത്രമോ ആയല്ല കിടങ്ങനാട് ബസ്തി അവിടെ നിലനിൽക്കുന്നത്.

**വിശ്വാസവും ആരാധനയും**

കിടങ്ങനാട് ബസ്തി എന്ന പുരാതനസ്മാരകത്തിനോട് ബന്ധപ്പെട്ടു നിൽക്കുന്ന മറ്റൊരു വിഭാഗം വർഷത്തിലൊരിക്കൽ ആരാധനയ്ക്കായി വരുന്ന ജൈനരാണ്. ഹെന്നരഡുബീഥിയായിരുന്ന ഈ പ്രദേശത്ത് ഇന്നു മധ്യകാലത്തെ ജൈനസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ബത്തേരിയിൽ ജൈനരില്ല. വയനാടിന്റെ പല ഭാഗങ്ങളിലായി ഏതാനും ജൈനകുടുംബങ്ങൾ മാത്രമാണ് ഇന്നുള്ളത്. ദിഗംബര വിഭാഗത്തിൽപ്പെട്ട ജൈനർ ആണ് വയനാട് ജില്ലയിൽ പ്രധാനമായും ഉള്ളത്. മലയാളവും കന്നഡയുമാണ് പ്രധാന സംസാരഭാഷ. വീടുകളിൽ കന്നഡയാണ് സംസാരിക്കുന്നത്. കൃഷിയും വ്യവസായവുമെല്ലാമാണ് പ്രധാന ഉപജീവനമാർഗ്ഗം. ആദ്യകാലത്ത് ബഹുഭൂരിപക്ഷവും കർഷകരായിരുന്നെങ്കിലും പിൽക്കാലത്ത് മറ്റു തൊഴിലുകളിലേക്കു കൂടി കൂടുതൽ ആളുകൾ ഏർപ്പെടുന്നു. ജില്ലയുടെ ഇതര ഭാഗങ്ങളിലുള്ള ജൈനമത വിശ്വാസികളായ മനുഷ്യർ വർഷത്തിലൊരിക്കൽ മഹാവീര ജയന്തിയിൽ വിഗ്രഹവുമായി വന്ന് ഇവിടെ പൂജ നടത്തി മടങ്ങുകയാണ് പതിവ്. പ്രദേശവാസികളായ നാട്ടുകാരുടെ മനോഭാവത്തിൽ നിന്നും വ്യതിരിക്തമായ സമീപനമാണ് ആരാധന നടത്തുന്നവരെ സംബന്ധിച്ചിടത്തോളം ഈ ക്ഷേത്രത്തോടുള്ളത്. ജില്ലയിലെ തന്നെ ഏറ്റവും പുരാതനമായൊരു ജൈനബസ്തി എന്ന നിലയിൽ തങ്ങളുടെ സംസ്കാരത്തിന്റെയും വിശ്വാസ സമ്പ്രദായങ്ങളുടെയും മഹത്തരമായ ഒരു പ്രതീകം, ഒരു സുവർണ്ണകാലത്തിന്റെ അവശേഷിപ്പ് എന്ന നിലയിലെല്ലാമാണ് ഈ മനുഷ്യർ ഈയിടത്തെ നോക്കിക്കാണുന്നത്.

**പ്രതിഷ്ഠ സംബന്ധിച്ച ആലോചനകൾ**

വർഷത്തിലൊരിക്കൽ മഹാവീര ജയന്തിക്കാണ് കൽപ്പറ്റ അനന്തനാഥസ്വാമി ക്ഷേത്രത്തിലെ ആളുകൾ ആരാധനയ്ക്കായി ഇവിടേക്ക് വരുന്നത്. പുളിയാർമലയിലെ യശോധരന്റെ ഓർമയിൽ,

"ആദ്യകാലത്ത് ബത്തേരീല് ജൈനര് ഉണ്ടായിരുന്ന്. ഹന്നെ (ഹന്നെരഡ്) ബസ്തീന്ന് പറഞ്ഞാ പന്ത്രണ്ട് ബീഥിണ്ടാ

രുന്ന്. 12 ബീഥിയില് ജൈൻസ് ആയിരുന്നു. അപ്പോ അവര്ടെ ഇതിനു വേണ്ടിട്ടാണ് അവ്ടെ അമ്പലം. അത് മഹാവീര തീർത്ഥങ്കരന്റെ പ്രതിഷ്ഠയായിരുന്ന്. അതുകൊണ്ടാണ് ഞങ്ങള് മഹാവീരജയന്തിക്ക് പോന്ന്".

ആരാധനയ്ക്കായി വരുന്ന ജൈനധർമ്മ വിശ്വാസികളിൽ ഒരു വിഭാഗം മഹാവീര തീർത്ഥങ്കരന്റെ ക്ഷേത്രമാണ് കിടങ്ങനാട് ബസ്തി എന്ന് വിശ്വസിക്കുന്നു. ഒരു ഘട്ടത്തിൽ ചന്ദ്രനാഥ തീർത്ഥങ്കരന്റെ ക്ഷേത്രമാണ് എന്ന ധാരണയും നിലനിന്നിരുന്നു. ആരാധനയ്ക്കായി വരുന്നവരിൽ ഒരാളായ മേപ്പാടി സ്വദേശി ജയകുമാർ പറയുന്നത് ഇപ്രകാരമാണ്,

"എം കെ ജിനചന്ദ്രൻ പാർലമെന്റേറിയനായ സമയത്ത് ഈ ബത്തേരി അമ്പലത്തിന്റെ കാര്യം അദ്ദേഹം പ്രസന്റ് ചെയ്തപ്പോ ചന്ദ്രനാഥ പ്രതിഷ്ഠയായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ചന്ദ്രനാഥൻ എന്നു പറയുന്ന സമയത്ത് ജൈനതീർത്ഥങ്കര പരമ്പരയിലെ എട്ടാമത്തെയാള്".

ഇത്തരത്തിൽ പ്രതിഷ്ഠസംബന്ധിച്ച് ചില ചിന്തകൾ നിലനിന്നിരുന്നുവെങ്കിലും നിലവിൽ മഹാവീര ജയന്തിയിൽ മഹാവീര വിഗ്രഹം കൊണ്ടുപോയി ആരാധന നടത്തുകയാണ് ചെയ്യുന്നത്.

**ആരാധനയുടെ പശ്ചാത്തലം**

ജില്ലയുടെ ഇതര ഭാഗങ്ങളിലുള്ള വിശ്വാസികൾ ആരാധനയ്ക്കായി കിടങ്ങനാട് ബസ്തിയിൽ വരാൻ ആരംഭിച്ചിട്ട് അധികകാലമായിട്ടില്ല. നിയമപരമായ നീക്കങ്ങളിലൂടെയും അഭ്യർത്ഥനകളിലൂടെയും ആണ് കേന്ദ്ര പുരാവസ്തുഗവേഷണവകുപ്പിന്റെ സംരക്ഷണയിലുള്ള ക്ഷേത്രത്തിൽ വർഷത്തിലൊരിക്കൽ ആരാധന നടത്താനായി അവർ അനുവാദം നേടുന്നത്. ഇതേക്കുറിച്ച് വരദൂരിലെ ജിനചന്ദ്രപ്രസാദ് ഓർത്തെടുക്കുന്നു,

"1970ന്റെ അവസാനം വരെയും വളരെ ശോചനീയമായ അവസ്ഥയിൽ അതു നിന്നു വന്നു. 1971 ൽ സ്ഥാപിതമായ ജൈന സമാജത്തിലെ ഭരണ അംഗങ്ങൾ വിശേഷിച്ചും പി കെ വജ്റ ഗൗഡർ എന്നൊരു വ്യക്തി ഈ ക്ഷേത്രം ജൈനമത വിശ്വാസികൾക്കു വിട്ടുകൊടുക്കണമെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റുമായി നിരന്തരം കത്തിടപാടുകൾ നടത്തുകയാണുണ്ടായത്".

കേന്ദ്രപുരാവസ്തുവകുപ്പ് ഏറ്റെടുത്ത ക്ഷേത്രം തിരിച്ചു നൽകാൻ സാഹചര്യമില്ലാത്തതിനാൽ ജൈനസമാജത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് വർഷത്തിലൊരിക്കൽ മഹാവീര തീർത്ഥങ്കരന്റെ ജന്മദിനത്തിൽ ക്ഷേത്രത്തിൽ എത്തി പൂജ നടത്താൻ ഇവർക്ക് അനുവാദം ലഭിക്കുകയാണ് ഉണ്ടായത്. ആവേദകർ നൽകിയ വിവരമനുസരിച്ച് കടമന വർദ്ധമാന ഗൗഡർ, കീരിപ്പറ്റ വജ്ര ഗൗഡർ എന്നിവരുടെ നേതൃത്വത്തിലാണ് കിടങ്ങനാട് ബസ്തിയിൽ ആരാധന നടത്തുവാനുള്ള അനുവാദം നേടുന്നതിനായുള്ള ശ്രമം ആരംഭിക്കുന്നത്.

മാർച്ച് മാസത്തിന്റെ അവസാനത്തിലോ ഏപ്രിൽ മാസത്തിന്റെ ആരംഭത്തിലോ ആണ് ഇവർ ബത്തേരിയിലേക്ക് എത്തുന്നത്. നക്ഷത്രം അനുസരിച്ചുള്ള ദിവസമാണ് ആരാധനയ്ക്കായി തെരഞ്ഞെടുക്കുക. കൽപ്പറ്റ അനന്തനാഥസ്വാമി ക്ഷേത്രത്തിൽ നിന്നുള്ള ആളുകളാണ് പ്രധാനമായും ചടങ്ങു നടത്താൻ എത്തുന്നത്. ഇവർക്ക് പുറമേ ജില്ലയുടെ ഇതര ഭാഗങ്ങളിലുള്ള വിശ്വാസികളും അന്നേദിവസം സുൽത്താൻബത്തേരിയിലെ ബസ്തിയിൽ എത്തുന്നുണ്ട്. കല്പറ്റ, വെണ്ണിയോട്, അഞ്ചുകുന്ന്, പാലുകുന്ന് എന്നിവിടങ്ങളിൽ നിന്നെല്ലാമാണ് പ്രധാനമായും വിശ്വാസികൾ വന്നുചേരുന്നത്. പുരോഹിതൻ എത്തുന്നത് അഞ്ചുകുന്ന് നിന്നായിരിക്കും. മറ്റേതെങ്കിലുമൊരിടത്തുനിന്നുള്ള മഹാവീരവിഗ്രഹം കൊണ്ടുവരികയും പൂജയ്ക്കു ശേഷം വിഗ്രഹവുമായി മടങ്ങുകയുമാണ് പതിവ്. മാനന്തവാടിയിൽ നിന്നാണ് നിലവിൽ വിഗ്രഹം കൊണ്ടുവരുന്നത്.

**ചടങ്ങുകൾ**

മഹാവീരജയന്തി ദിവസം രാവിലെ എല്ലാവരും വിഗ്രഹവുമായി സുൽത്താൻബത്തേരിയിലെ ജൈനബസ്തിയിൽ എത്തിച്ചേരുന്നു. നവരസപഞ്ചാമൃതാഭിഷേകം, അഷ്ടവിധാർച്ചന പൂജ തുടർന്ന് സധാർമിക സഭയും പ്രഭാഷണവുമാണ് അന്നു നടക്കുന്ന പ്രധാന പരിപാടികൾ. ചന്ദനം, പാല്, പുഷ്പം എന്നിവ കൊണ്ടാണ് അഭിഷേകം ചെയ്യുന്നത്. അഷ്ടദ്രവ്യ പൂജയിൽ ജലം, ചന്ദനം, അരി, ചെറു, ദീപം, ധൂപം, ഫലം, പുഷ്പം എന്നിവയാണ് അർപ്പിക്കുന്നത്. തീർത്ഥങ്കരനെക്കുറിച്ചും ജൈനധർമ്മത്തിന്റെ

പ്രാധാന്യത്തെക്കുറിച്ചുമെല്ലാമാണ് പ്രഭാഷണം നടക്കുക. 125 മുതൽ 200 ആളുകൾ വരെ അന്നേദിവസം പങ്കെടുക്കാറുണ്ട്. എല്ലാവർക്കും ചടങ്ങിന് പങ്കെടുക്കാൻ സാധിക്കും. പൂജയ്ക്കും സഭയ്ക്കും ശേഷം ആഹാരം കഴിച്ച് പിരിയുകയാണ് ചെയ്യുന്നത്.

**ബസ്തിയും സ്മരണകളും**

ഇവരുടെ സ്മരണയിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് 1921 ൽ തന്നെ ബസ്തി സർക്കാർ സംരക്ഷണയിൽ ആയെങ്കിലും വളരെ വൈകി മാത്രമാണ് നവീകരണ പ്രവർത്തനങ്ങൾ നടന്ന് ആളുകൾക്ക് സന്ദർശനയോഗ്യമായി തീർന്നത് എന്നാണ്.

വളരെ ചെറിയൊരു വിഭാഗം ജൈനർ മാത്രമേ വയനാട്ടിൽ ഇന്ന് അവശേഷിക്കുന്നുള്ളൂ. നാന്നൂറോളം കുടുംബങ്ങൾ, രണ്ടായിരത്തിൽ താഴെ മാത്രം ആളുകളാണ് ഉള്ളത്. സംരക്ഷിക്കപ്പെടുകയും ആരാധന നടക്കുകയും ചെയ്യുന്ന ചുരുക്കം ചില ക്ഷേത്രങ്ങൾ മാത്രമേ വയനാട് ജില്ലയിലുള്ളൂ എന്ന നിലയിൽ പൗരാണികമായ ഹെന്നരഡു ബീഥിയിലെ ബസ്തി ആരാധനകൾ ഏതുമില്ലാതെ നിലകൊണ്ടിരുന്നത് ജൈനമത വിശ്വാസികളെ അലട്ടിയിരുന്ന കാര്യമായിരുന്നു. 1970 കളോടെ ഒരു ജൈനസമാജം രൂപീകരിച്ചതിനുശേഷമാണ് ഈ ഉദ്ദേശ്യത്തിനു വേണ്ടി നിയമപരമായി മുന്നിട്ടിറങ്ങാൻ ഇവർക്ക് സാധിക്കുന്നത്. പ്രതാപപൂർവമായ മധ്യകാലത്തിനുശേഷം സംഭവിച്ച പലായനത്തിനു പിന്നിലെ കാരണങ്ങളെക്കുറിച്ച് ആവേദകർക്ക് കാര്യമായ അറിവില്ല. ഊഹാപോഹങ്ങൾ മാത്രമാണ് പങ്കുവെക്കപ്പെടുന്നത്. ആത്മീയ മൂല്യങ്ങൾ നേടിയെടുക്കാനും ആശയങ്ങൾ പുതിയ തലമുറയിലേക്കും സമൂഹത്തിലേക്കും പ്രചരിപ്പിക്കാനുമുള്ള ഒരിടം കൂടിയായാണ് അവരിതിനെ കാണുന്നത്. ഈ മനുഷ്യർ പങ്കുവയ്ക്കുന്ന ഓർമകളും അത്തരമൊരു വീണ്ടെടുക്കലിന്റെ അവകാശം പുനഃസ്ഥാപിക്കുന്നതിന്റെ ചരിത്രം കൂടിയാണ്. ബസ്തിയുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന പ്രാദേശികമായ ഓർമകളിൽ പലതും ഇവർക്കും പരിചിതമാണ്. ടിപ്പുവിന്റെ സാന്നിധ്യത്തെയും തുരങ്കത്തെയുമെല്ലാം കുറിച്ചുള്ള കഥകൾ ഇവരും കേട്ടിരിക്കുന്നു. എന്നാൽ പ്രദേശവാസികളോളം ഇവർ അതിനെ

ഗൗരവമായി സ്വീകരിക്കുന്നതായി അനുഭവപ്പെടുന്നില്ല. കിടങ്ങനാട് ബസ്തി എന്ന ഇടത്തെ ആരാധനാലയമായി കാണുന്ന മനുഷ്യരെ സംബന്ധിച്ച് ഒരു ഘട്ടത്തിൽ പല കാരണങ്ങളാൽ നഷ്ടപ്പെട്ടുപോയ ചരിത്രത്തെയും സംസ്കാരത്തെയും വീണ്ടെടുക്കലാണ് ഇവിടെ സംഭവിക്കുന്നത്.

**ഉപസംഹാരം**

വ്യക്തികളും അവരുടെ തലമുറകളായി കൈമാറി വന്ന ഓർമകളും അനുഭവങ്ങളും മുൻനിർത്തി നോക്കുമ്പോൾ ബഹുസ്വരമായ ഒരു സംസ്കാരസമൂഹം സംരക്ഷിച്ചു പോന്ന ഒരിടം കൂടിയാണ് കിടങ്ങനാട് ബസ്തി എന്ന നിഗമനത്തിലേക്ക് എത്താൻ സാധിക്കുന്നു. പല സംസ്കാരങ്ങളെ ഒരുമിച്ചു കൊണ്ടുനടക്കുന്നൊരു സമൂഹമാണ് സുൽത്താൻബത്തേരിയിലേത്. ഏതാനും മീറ്റർ ചുറ്റളവുകൾക്കുള്ളിൽ ക്ഷേത്രങ്ങളും പള്ളികളും കാണാൻ സാധിക്കും. കിടങ്ങനാട് ബസ്തിയോട് ചേർന്ന ലക്ഷ്മി നരസിംഹ ക്ഷേത്രം കർണാടകയിൽ നിന്നെത്തിയ വൈഷ്ണവർ പണികഴിപ്പിച്ചതാണെന്ന് കരുതപ്പെടുന്നു. സമീപത്തു തന്നെ മാരിയമ്മൻ കോവിലും റോമൻ കത്തോലിക്കാപള്ളിയും മുസ്ലിം ആരാധനാലയവും നിൽക്കുന്നു. പല കാലങ്ങളിലായി കുടിയേറി വന്ന സമൂഹങ്ങൾ രൂപപ്പെടുത്തിയ സംസ്കാരമാണ് സുൽത്താൻ ബത്തേരിയുടേത്. ഈ ഐക്യത്തിന്റെ തുടർച്ചയുടെ ഭാഗമായാകാം കിടങ്ങനാട് ബസ്തി എന്ന ജൈനക്ഷേത്രം സംരക്ഷിക്കപ്പെട്ടതും. തങ്ങളുടെ അപരിചിതമായ ഒരു സംസ്കാരത്തിന്റെ അവശേഷിപ്പ് കൈമാറി വന്ന ഓർമകളിലൂടെയും കഥകളിലൂടെയും സാമൂഹികജീവിതത്തിന്റെ ഭാഗമായി മാറ്റുന്ന ദൃശ്യമാണിവിടെ കാണാൻ കഴിയുന്നത്. കിടങ്ങനാട് ബസ്തിയെ സംബന്ധിച്ച് പ്രദേശവാസികൾ പങ്കുവയ്ക്കുന്ന ഓർമകൾ വൈയക്തികമായ സൃഷ്ടികൾ അല്ല. തലമുറകൾ കൈമാറി വന്ന കൂട്ടായ്മയുടെ ഓർമകളും അനുഭവങ്ങളുമാണ്. ഇത്തരത്തിൽ സാംസ്കാരികമായ ഓർമ രൂപപ്പെടുന്ന ഇടമാണിത്. ജൈനക്ഷേത്രത്തിന്റെ ചരിത്രമെന്നത് ഈ ഇടത്തിന് പല സമൂഹങ്ങളിലെ ആളുകൾ കൽപ്പിച്ചു നൽകിയ അർത്ഥം കൂടി ഉൾച്ചേരുന്നതാണ്. ഇടം എന്നത് ബോധത്തിലും കൂടിയാണ് എന്നിരിക്കെ ഒരേ ഇടം പലർക്കും

വിഭിന്നങ്ങളായ ഓർമയായി നിൽക്കുന്നു. അത്തരത്തിൽ സാംസ്കാരികമായ ഓർമകൾ രൂപപ്പെടുത്തുന്ന ഇടമായാണ് കിടങ്ങനാട് ബസ്തിയുടെ നിൽപ്പ്. മധ്യകാലത്തിനുശേഷം വലിയൊരു കാലഘട്ടം ആരാധനകൾ ഒന്നുമില്ലാതെയാണ് ഈ സ്മാരകം നിലനിന്നതെങ്കിലും ചുറ്റുപാടുകളുടെ ഓർമയിൽ അതിന്റെ ഭൂതകാല ചരിത്രം നിലനിന്നു. സുൽത്താൻകോട്ട എന്ന നിലയിലായാലും ജൈനക്ഷേത്രം എന്ന ആരാധനാലമായാണെങ്കിലും ഒരു കാര്യം നഷ്ടപ്പെട്ടതിനുശേഷവും അതിന്റെ ഓർമ നിലനിൽക്കുന്നു എന്നതിന് ഉദാഹരണമാണ് ആവേദകർ പങ്കുവയ്ക്കുന്ന വിവരങ്ങൾ. ഭൗതികമായ ഒരു ഇടം എന്നതിനപ്പുറത്തേക്ക് പല നിലകളിലുള്ള സ്വത്വം (identity) പേറുന്നുണ്ട് ഈ സ്മാരകം. ഒരു കാര്യത്തെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്ന ഓർമകളും കഥകളുമാണ് സാംസ്കാരികസ്മൃതിയെ രൂപപ്പെടുത്തുന്നത് എന്നിരിക്കെ അത്തരമൊരു സാംസ്കാരികസ്മൃതിക്ക് അനുയോജ്യമായ ഉദാഹരണങ്ങളിൽ ഒന്നാണ് ഇവിടം. ആധിപത്യമുറപ്പിക്കുന്ന അധികാരപ്രക്രിയകൾ ബഹുസ്വരമായ ആഖ്യാനങ്ങളെ ഇല്ലാതാക്കും. ഇത്തരം അധികാരം സ്ഥാപിച്ചെടുക്കലുകൾ സംഭവിക്കുന്ന വർത്തമാനകാലത്ത് കിടങ്ങനാട് ബസ്തി വേറിട്ട് നിൽക്കുന്നു. ഓരോ ജനതയും ഒരു പ്രത്യേക ഇടത്തെ എങ്ങനെയാണ് വ്യാഖ്യാനിക്കുകയും കഥകളാക്കി മാറ്റുകയും ചെയ്യുന്നത്, ഒരു കഥ മറ്റൊരു കഥയെ കീഴ്പ്പെടുത്താതെ അവയെല്ലാം എങ്ങനെയാണ് സുസ്ഥിതമായിരിക്കുന്നത് എന്നതിന്റെ ഒരു മാതൃകയാണ് ബസ്തി. ഒരേസമയം പുരാതനമായൊരു ചരിത്രസ്മാരകവും പ്രാദേശികമായ ഓർമകളുടെയും കഥകളുടെയും സംഗമഭൂമിയും ആത്മീയവും അതിഭൗതികവുമായ മൂല്യചിന്തകൾ ഉൾക്കൊള്ളുന്ന ആരാധനാലയവും ആയാണ് സുൽത്താൻബത്തേരിയിലെ ജൈനക്ഷേത്രം നിലകൊള്ളുന്നത്. ഗവൺമെന്റ് രേഖകളിലെ ജൈനക്ഷേത്രവും സുൽത്താൻ കോട്ടയും കിടങ്ങനാട് ബസ്തിയുമായെല്ലാം നിലനിൽക്കുന്ന ഈ സ്മാരകത്തിന് സുൽത്താൻ ബത്തേരിയെന്ന നാടിന്റെ സാംസ്കാരിക ചരിത്രത്തിൽ സുപ്രധാനവും അതേസമയം സങ്കീർണവുമായ ഒരു സ്ഥാനമാണുള്ളത്.

**കുറിപ്പുകൾ**

1. ബസ്തി – ജൈനാരാധനാലയങ്ങൾ. ബസ്തി, ബസദി എന്നിങ്ങനെയും പറയുന്നു.
2. “Cultural Memory is a collection of individual and personal memories and stories that often delivers different perception of the same events thus bringing home to us the fact that our sense of the past can always conflict with or contest somebody else's sense of the same” (Heller, 1999: 190)

**ആവേദകസൂചി**

അബ്ദുള്ള പി. (75 വയസ്സ്), (റിട്ട. ഡെപ്യൂട്ടി തഹസിൽദാർ) പൊന്നാരത്ത് ഹൗസ്, സുൽത്താൻ ബത്തേരി

അരുൺ കെ. എസ്. (39), കണിയാക്കപ്പറമ്പിൽ, സുൽത്താൻ ബത്തേരി

ആലി പി. പി. (65), പാതിരിപ്പള്ളി ഹൗസ്, പള്ളിക്കണ്ടി, സുൽത്താൻ ബത്തേരി

കുഞ്ഞൻ (73), മാവാടിക്കോളനി, പള്ളിക്കണ്ടി, സുൽത്താൻ ബത്തേരി

കുള്ളി (65), മാവാടിക്കോളനി, പള്ളിക്കണ്ടി, സുൽത്താൻ ബത്തേരി

കോയസൻകുട്ടി (62), പൂതൻകര ഹൗസ്, ബീനാച്ചി, സുൽത്താൻ ബത്തേരി

ജയകുമാർ എൽ. (72), ജെയ്ൻ ഹൗസ്, കുന്നംപറ്റ, മേപ്പാടി

ജിനേന്ദ്രപ്രസാദ് വി. വി., കടമന, വരദൂർ

നയനാനന്ദ എ. വൈ., ചന്ദ്രവിലാസ്, അനന്തനാഥസ്വാമി ക്ഷേത്രം, കൽപ്പറ്റ

ഫ്രാൻസിസ് ബേബി (52), പുലിക്കോട്ടിൽ ഹൗസ്, സുൽത്താൻ ബത്തേരി

മാതു (85), മൊട്ടേമ്മൽ ഹൗസ്, സുൽത്താൻ ബത്തേരി

യശോധരൻ സി.ഇ. (75), ചന്ദ്രവിലാസ്, അനന്തനാഥസ്വാമി ക്ഷേത്രം, കൽപ്പറ്റ

വിഷ്ണു കെ. (30), വീണാലയം, കല്ലുവയൽ, സുൽത്താൻബത്തേരി

ശിശുപാലൻ എ. (63), (മുൻ മോണമന്റ് അറ്റന്റന്റ്), അമരമ്പത്ത്, ചീരാൽ, സുൽത്താൻ ബത്തേരി.

റഹ്മാൻ അബ്ദുൾ (61), വാഴക്കണ്ടി ഹൗസ്, സുൽത്താൻ ബത്തേരി

റിയാസ് എം (43), മാട്ടുമ്മൽ, അമ്പലവയൽ, സുൽത്താൻ ബത്തേരി

## ഗ്രന്ഥസൂചി

അജു കെ. നാരായണൻ (എഡി), 2017 *താക്കോൽ വാക്കുകൾ വിചാരമാതൃകകൾ, കേരളീയനോട്ടങ്ങൾ*, വിദ്വാൻ പി ജി നായർ സ്മാരക ഗവേഷണ കേന്ദ്രം യു സി കോളേജ്, ആലുവ.

കുറുപ്പ്, കെ.കെ.എൻ., 1980 *പഴശ്ശി സമരങ്ങൾ,* കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

---, 2005 *നവാബ് ടിപ്പുസുൽത്താൻ ഒരു പഠനം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

---, 2019 *മലബാറിലെ ബ്രിട്ടീഷ് അധിനിവേശം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഗോപി, മുണ്ടക്കയം, 2014 *കുറുംപ്പറൈ*, സഹ്യ പബ്ലിക്കേഷൻസ്, വയനാട്.

ചന്ദ്ര, സതീഷ്, 2007 *മധ്യകാല ഇന്ത്യ* (വിവ: വിജയരാഘവൻ), ഡിസി ബുക്സ്, കോട്ടയം.

ജോണി ഒ. കെ., 2001 *വയനാട് രേഖകൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഥാപ്പർ, റൊമില, 2009 *സോമനാഥ ഒരു ചരിത്രസംഭവത്തിന്റെ അനേകസ്വരങ്ങൾ* (വിവ: സി.വി. രാമൻ), ഡി സി ബുക്സ്, കോട്ടയം.

നാരായണൻ, എം.ജി.എസ്., 2015 *ചരിത്രം വ്യവഹാരം കേരളവും ഭാരതവും,* കറന്റ് ബുക്സ്, തൃശ്ശൂർ.

നാരായണമേനോൻ, പാലിശ്ശേരി, 1986 *ആദി ചേരന്മാരുടെ ആസ്ഥാനം,* നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

നീലകണ്ഠശാസ്ത്രി, കെ.ഏ., 1975 *ദക്ഷിണഭാരതചരിത്രം* (വിവ: എം ദിവാകരൻ), കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പത്മകുമാർ, പി. ഡി., 2006 *ജൈനധർമ്മം കേരളത്തിൽ* (വിവ: വി.വി. ജിനേന്ദ്രപ്രസാദ്), മാതൃഭൂമി ബുക്സ്, കോഴിക്കോട്.

പണിക്കർ, കെ.എൻ., 2016 *ചരിത്രത്തിന് സംഭവിക്കുന്നത്,* പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്.

ബാലകൃഷ്ണൻ, പി.കെ., 1959 *ടിപ്പുസുൽത്താൻ,* ഡിസി ബുക്സ്, കോട്ടയം.

രാഘവവാര്യർ, എം.ആർ., 1990 *കേരളീയത ചരിത്രമാനങ്ങൾ,* വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ.

രാഘവാര്യർ, എം. ആർ., 2012 *ജൈനമതം കേരളത്തിൽ*, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

ലോഗൻ, വില്യം, 2008 *മലബാറിന്റെ ചരിത്രം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

സുനിൽ പി. ഇളയിടം, 2004 *ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

Heller, Agnes, 1999 *A Theory of Modernity,* Blackwell Publishers, Oxford.

Pramod K. Nayar, 2008 *An Introduction to Cultural Studies*, Viva Books, New Delhi.

**വെബ്സൈറ്റ്**

https://englishnotes07.wordpress.com/2019/09/19/polyphony-in-texts/

https://ceasefiremagazine.co.uk/in-theory-bakhtin-1/

9995323976
manjimamanju440@ gmail.com